WEC-1/2180/21

വനിതശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം.
തീയതി : 05.02.2021
ഇ-മെയിൽ directorate.wcd@kerala.gov.in
ഫോൺ നമ്പർ 0471-2346534

വിഷയം: വനിത ശിശു വികസന വകുപ്പ് – ദാക്ഷായണി വേലായുധൻ - വാർഷിക അവാർഡ് - അപേക്ഷ/ നോമിനേഷൻ ക്ഷണിക്കുന്നു.

സൂചന. 1 സ.ഉ.(സാധാ) നം. 60/2021 സാ.നി.വ തീയതി 23-01-2021.

## വിജ്ഞാപനം

സംസ്ഥാന സർക്കാർ 2020-21 വർഷം മുതൽ സ്ത്രീ ശാക്തീകരണത്തിനും പാർശ്വവൽകൃതരുടെ ഉന്നമനത്തിനുംവേണ്ടി പ്രവർത്തിക്കുന്ന ഒരു വനിതയ്ക്ക് ദാക്ഷായണി വേലായുധന്റെ പേരിൽ അവാർഡ് നൽകുന്നു. 2020 ലെ ദാക്ഷായണി വേലായുധൻ അവാർഡ് നൽകുന്നതിന് നിശ്ചിത മാതൃകയിലുള്ള അപേക്ഷ ക്ഷണിക്കുന്നു.

സ്ത്രീ ശാക്തീകരണത്തിനും പാർശ്വവൽകൃതരുടെ ഉന്നമനത്തിനുംവേണ്ടി പ്രവർത്തിക്കുന്ന ഒരു വനിതയ്ക്ക് 1 ലക്ഷം രൂപയും ശില്പവും പ്രശസ്തി പത്രവും നൽകുന്നു. ടി രംഗത്ത് പ്രവർത്തിക്കുന്ന വനിതകളിൽ, അവാർഡിനായി അപേക്ഷിക്കുവാൻ താൽപര്യമുള്ളവർ അതത് ജില്ലാ വനിത ശിശു വികസന ഓഫീസുകളിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. ടി അപേക്ഷയോടൊപ്പം പ്രവർത്തന മേഖല സംബന്ധിച്ച വിവരണം, ചിത്രങ്ങൾ (പുസ്തകം, സി.ഡികൾ, ഫോട്ടോകൾ, പത്ര കുറിപ്പ്) എന്നിവ ഉൾപ്പെടുത്തേണ്ടതാണ്.

നിശ്ചിത മാതൃകയിലുള്ള അപേക്ഷകളും, നോമിനേഷനുകളും അതാത് ജില്ലാ വനിത ശിശു വികസന ഓഫീസർക്ക് സമർപ്പിക്കേണ്ട അവസാന തീയതി 15-02-2021.

1. അപേക്ഷക ജീവിച്ചിരിക്കുന്ന ആളാകണം
2. കഴിഞ്ഞ 5 വർഷമെങ്കിലും പ്രസ്തുത മേഖലയിൽ പ്രവർത്തിക്കുന്നവരാകണം.
3. അപേക്ഷകരുടെ പ്രവർത്തനങ്ങൾ സ്ത്രീ ശാക്തീകരണത്തിനും പാർശ്വവൽകൃതരുടെ ഉന്നമനത്തിനും പ്രയോജനപ്പെടുന്ന രീതിയിൽ ആയിരിക്കണം
4. വളരെ ബുദ്ധിമുട്ടുള്ള സാഹചര്യങ്ങളെ അതിജീവിച്ച് നേട്ടങ്ങളാർജ്ജിച്ച വനിതകൾക്കും പട്ടിക ജാതി/പട്ടിക വർഗ്ഗ വിഭാഗത്തിലെ വനിതകൾക്കും മുൻഗണന നൽകാവുന്നതാണ്.
5. അവസാന തീയതിയ്ക്കുശേഷം ലഭിക്കുന്ന അപേക്ഷകളും നിശ്ചിത മാതൃകയിലല്ലാത്ത അപേക്ഷകളും അവാർഡിന് പരിഗണിക്കുന്നതല്ല.

വിശ്വസ്തതയോടെ

വനിത ശിശു വികസന ഡയറക്ടർക്കുവേണ്ടി

SS-21

## ദാക്ഷായണി വേലായുധൻ അവാർഡിന് അപേക്ഷിക്കുന്ന വനിതകൾക്കുള്ള അപേക്ഷാ ഫോം

പാസ്പോർട്ട് സൈസ് ഫോട്ടോ

| | | |
|---|---|---|
| 1 | പേര് (ഇംഗ്ലീഷിലും മലയാളത്തിലും രേഖപ്പെടുത്തണം) | : |
| 2 | ജനന തീയതി | : |
| 3 | ജനന സ്ഥലം | : |
| 4 | വിദ്യാഭ്യാസ യോഗ്യത | : |
| 5 | ഫോൺ നമ്പർ (മൊബൈൽ നമ്പർ) | : |
| 6 | സ്ഥിര മേൽവിലാസം | : |
| 7 | പ്രവർത്തന മേഖല | : |
| 8 | വ്യക്തിയുടെ ജീവചരിത്രം (വിശദ വിവരങ്ങൾ ഉള്ളടക്കം ചെയ്യേണ്ടതാണ്) ഫോട്ടോ, സിഡി, പുസ്തകം, പത്ര റിപ്പോർട്ട് എന്നിവ അഭികാമ്യം) | : |
| 9 | പുരസ്കാരാർഹമായ സേവനങ്ങൾ | : |
| 10 | പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്നതാണോ ? വിശദ വിവരം | : |
| 11 | മറ്റ് അവാർഡ് ഏതെങ്കിലും ലഭിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ വിശദ വിവരം | : |
| 12 | ബാങ്ക് അക്കൗണ്ട് നമ്പർ, IFS Code, Branch | : |
| 13 | മറ്റു പ്രസക്ത വിവരങ്ങൾ | |

### <u>പ്രസ്താവന</u>

മേൽ രേഖപ്പെടുത്തിയ വിവരങ്ങൾ എന്റെ അറിവിലും വിശ്വാസത്തിലും പെട്ടിടത്തോളം സത്യമാണെന്ന് സാക്ഷ്യപ്പെടുത്തുന്നു.

**അപേക്ഷകയുടെ ഒപ്പും, പേരും**

സ്ഥലം:

തീയതി: